LIBRARY ARCHIVES Kerala Legislative Assembly

കാട്ടുതീ തടയാൻ നടപടി

133 [2104] ശ്രീ. യു. സി. രാമൻ:

,, കളത്തിൽ അബ്ദുള്ള:

,, ടി. പി. എം. സാഹിർ:

,, ഇസ്ഹാക്ക് കുരിക്കൾ:

,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ വർഷം ഉണ്ടായ കാട്ടുതീ പടർന്ന് എത്ര ഹെക്ടർ വനഭൂമി കത്തിനശിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) വനംകൊള്ളക്കാർ മുഖേനയാണ് കാട്ടുതീ ഉണ്ടായത് എന്നതിന് എന്തെങ്കിലും തെളിവുകൾ ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ വർഷത്തെ കാട്ടുതീമൂലം അടിക്കാടുകളും പുല്ലുകളുമാണ് കത്തിനശിച്ചിട്ടുള്ളത്. അതെല്ലാം തുടർന്ന് വന്ന മഴയിൽ കിളിർത്തുവന്നിട്ടുണ്ട്. അതുകൊണ്ട് കാട്ടുതീ പടർന്ന് വനഭൂമി നശിച്ചുപോയിട്ടില്ല. കഴിഞ്ഞവർഷമുണ്ടായ കാട്ടുതീ 14,301 ഹെക്ടർ വനഭൂമിയെ ബാധിച്ചിട്ടുണ്ട്.

(ബി) വനംകൊള്ളക്കാർ മുഖേനയാണ് കാട്ടുതീ ഉണ്ടായത് എന്നതിന് തെളിവുകൾ ലഭിച്ചിട്ടില്ല. കഴിഞ്ഞവർഷം ഉണ്ടായ അതിരൂക്ഷമായ ചൂടുമൂലവും സാധാരണ ലഭിക്കാറുള്ള വേനൽമഴ ലഭിക്കാത്തതിനാലുമാണ് കൂടുതൽ സ്ഥലങ്ങളിൽ കാട്ടുതീ ഉണ്ടായത്.

പാട്ടത്തിനു നൽകിയ വൻകിട എസ്റ്റേറ്റുകൾ

134 [2105] ശ്രീ. കെ. പി. മോഹനൻ:

ഡോ. എ. നീലലോഹിതദാസൻ നാടാർ:

ശ്രീ. എ. സി. ഷൺമുഖദാസ്:

,, സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം വൻകിട എസ്റ്റേറ്റുകളാണ് വനം വകുപ്പ് പാട്ടത്തിനു നൽകിയതെന്ന് വ്യക്തമാക്കാമോ;

(ബി) അവ പാട്ടത്തിനു നൽകിയത് എത്ര വർഷം മുൻപാണ് എന്ന് വ്യക്തമാക്കാമോ;

(സി) പാട്ടത്തുക വർദ്ധനവ് സംബന്ധിച്ച് വനംവകുപ്പ് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(ഡി) എന്നാണ് പ്രസ്തുത തീരുമാനം എടുത്തത്?

ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനങ്ങളായ പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളാ ലിമിറ്റഡ്, റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡ്, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ, കേരളാ സ്റ്റേറ്റ് ഫോറസ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷൻ, ഓയിൽ ഫാം ഇൻഡ്യാ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്ക് വനഭൂമി പാട്ടത്തിനു നൽകിയിട്ടുണ്ട്.

സ്വകാര്യ വ്യക്തികൾക്കായി പോത്തുണ്ടി, ഷെർനെല്ലി, രാജാക്കാട്, കാരപ്പാറ, കരടിമല, ഓറിയന്റൽ എസ്റ്റേറ്റ്, അലക്സാഡ്രിയ, വിക്ടോറിയ, മീരാ ഫ്ളോറ, ഹാരിസൻ മലയാളം പ്ലാന്റേഷൻ, കൊച്ചിൻ മലബാർ എസ്റ്റേറ്റ്, ടാറ്റാ ടീ തുടങ്ങിയ നാൽപ്പതിലേറെ പാട്ടങ്ങൾ ഉണ്ട്. ഇവയിൽ റോസരി, ബിയാട്രീസ് എസ്റ്റേറ്റുകൾ വനം വകുപ്പ് തിരിച്ചെടുത്തിട്ടുണ്ടെങ്കിലും അതിനെതിരെ കോടതിയിൽ കേസ് നിലവിലുണ്ട്.

(ബി) പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 1960-1980 കാലഘട്ടത്തിലാണ് നൽകിയത്. സ്വകാര്യ വ്യക്തികൾക്ക് നൽകിയ പാട്ടങ്ങൾ മിക്കവയും മുൻ തിരുവിതാംകൂർ--കൊച്ചി രാജാക്കൻമാർ 19-ാം നൂറ്റാണ്ടിൽ നൽകിയിട്ടുള്ളതാണ്. ഇവയിൽ ഏറ്റവും പഴമയേറിയ പാട്ടം 1907-ൽ നൽകിയതാണ്. സ്വാതന്ത്ര്യ ലബ്ധിക്കുശേഷം നൽകിയ ഏതാനും പാട്ടങ്ങളും ഉണ്ട്.

(സി) ആന്റ് (ഡി) ഇക്കാര്യം പരിഗണനയിലാണ്.

സ്വകാര്യഭൂമിയിലുള്ള മരം മുറിക്കുവാൻ നിയന്ത്രണം

135 [2106] ശ്രീ. ഇ. എം. അഗസ്തി:
,, ടി. എൻ. പ്രതാപൻ:
ശ്രീമതി രാധാ രാഘവൻ:
ശ്രീ. എം. പി. ഗംഗാധരൻ:
,, പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യഭൂമിയിലുള്ള ഏതെല്ലാം ഇനത്തിൽപ്പെട്ട മരങ്ങൾ മുറിക്കുവാനാണ് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ഇവ മുറിക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമ മെന്താണ് എന്ന് വ്യക്തമാക്കുമോ;

(സി) അപേക്ഷ തീയതി മുതൽ എത്ര കാലത്തിനുള്ളിലാണ് ഈയിനത്തിൽപ്പെട്ട മരങ്ങൾ മുറിക്കുന്നതിനനുമതി നൽകാറുള്ളത് എന്ന് വെളിപ്പെടുത്താമോ;

(ഡി) അപേക്ഷ തീയതി മുതൽ ഒരു നിശ്ചിത കാലയളവിനുള്ളിൽ ഇത്തരം മരം മുറിക്കുന്നതിനുള്ള അനുമതി ലഭിച്ചില്ലെങ്കിൽ അനുമതിയില്ലാതെതന്നെ മരം മുറിക്കുവാൻ ഭൂവുടമയ്ക്ക് അധികാരം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly